**ഭരണഭാഷ – മാതൃഭാഷ**

നം. 24/ഡിപിഎഡബ്ല്യുടി/2025

ജില്ലാ പെർഫോർമൻസ് ഓഡിറ്റ് വിംഗ്,
കളക്ടറേറ്റ്, തൃശ്ശൂർ,
തിയ്യതി : 11/05/2026.
ഇ-മെയിൽ :adcpatsr@gmail.com

**പ്രേഷകൻ**

**ജില്ലാ പെർഫോർമൻസ് ഓഡിറ്റ് വിംഗ്,**
**തൃശ്ശൂർ.**

സ്വീകർത്താവ്

സെക്രട്ടറി,

കൊടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:- ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗം, തൃശ്ശൂർ - ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന:- കൊടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23/04/2026 തീയതിയിലെ 1986887-25 നമ്പർ കത്ത്

*********************

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഒഴിവാക്കിയതും, നിലനിൽക്കുന്നതുമായ ഓഡിറ്റ് പരാമർശങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഓഡിറ്റ് ഖണ്ഡിക | തീരുമാനം |
|---|---|---|
| 2024-25 | 1(i, iii, iv, v), 2(i), 3(i, ii), 4(i) | മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നു. |
| | 1(ii) | പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് എന്ന നിർദ്ദേശത്തോടെ പരാമർശം ഒഴിവാക്കുന്നു. |
| | 1(vi) | സർക്കാർ ഉത്തരവ് (സാധാ)3024/എസ്പിഡി തീയതി 07/03/2024-ലെ ഇനം 22 പ്രകാരമുള്ള കസേരകളല്ല പദ്ധതിക്കായി വാങ്ങിയിട്ടുള്ളത്. പരാമർശം നിലനിൽക്കുന്നു. |
| | 2(ii) | വ്യവസായ കേന്ദ്രം പ്രവർത്തന സജ്ജമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പരാമർശം നിലനിൽക്കുന്നു. |
| | 2(iii) | അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പരാമർശം നിലനിൽക്കുന്നു. |
| | 3(iii & iv), 4(ii) | പദ്ധതി പ്രകാരം കെ.എം.എസ്.സി.എൽ.ന് കൈമാറിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പരാമർശം നിലനിൽക്കുന്നു. |
| | 5 | ഇനിയും നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പരാമർശം നിലനിൽക്കുന്നു. |

| | | |
|---|---|---|
| 2024-25 | 6 | ഓഡിറ്റ് ഖണ്ഡികയിലെ പരാമർശ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. പരാമർശം നിലനിൽക്കുന്നു. |

അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളിന്മേൽ നടപടി സ്വീകരിച്ച് തൃപ്തികരമായ മറുപടി എത്രയും വേഗം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**വിശ്വസ്തതയോടെ,**



**സെക്ഷൻ ഓഫീസർ**